പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

2020 മാർച്ച് 3, ചൊവ്വ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം : T408

ശ്രീ.വി.പി.സജീന്ദ്രൻ

മറുപടി :

ഡോ. ടി.എം. തോമസ് ഐസക്ക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമെന്ന പ്രഖ്യാപനം അനന്തമായി നീണ്ടുപോകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അധ്യാപകർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള റീ-ടെൻഡറിനു മുന്നോടിയായി 15.07.2019 ലെ സ.ഉ(പി)നം 87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ / സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിന് ആരോഗ്യ രംഗത്തെ വിദഗ്ധരെ കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ, പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട റീ-ടെൻഡർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പദ്ധതി ആരംഭിക്കുന്നതായിരിക്കും. |
| (ബി) | റിലയൻസ് കമ്പനിയുമായി ഉണ്ടാക്കിയിരുന്ന കരാർ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ കാരണമെന്തായിരുന്നു; | ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തിരം 01.08.2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി 15.07.2019 ലെ സ.ഉ.(പി)നം. 87/2019/ധന ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി (REQUEST FOR PROPOSAL) യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദു ചെയ്തിട്ടുള്ളതിനാൽ ടി കമ്പനിയുമായി യാതൊരുവിധ കരാറിലും സർക്കാർ ഏർപ്പെട്ടിട്ടില്ല. |

| | | |
|---|---|---|
| (സി) | പദ്ധതി തുടർന്ന് നടത്തുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ഏതെങ്കിലും വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട ചികിത്സാ പട്ടികയും നിരക്കുകളും നിശ്ചയിക്കുന്നതിന് സർക്കാർ രൂപീകരിച്ച കമ്മീഷന്റെ ശിപാർശകളെ അടിസ്ഥാനമാക്കി മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചയിച്ചിട്ടുള്ള ചികിത്സാ വ്യവസ്ഥകളുടെ താഴ്ന്ന നിരക്കുകൾ പദ്ധതിയിൽ നിന്നും ആശുപത്രികൾ വിട്ടു നിൽക്കുന്നതിനിടയാക്കി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പദ്ധതിയുടെ ചികിത്സാ നിരക്ക് പരിഷ്കരിക്കുന്നത് സംബന്ധിച്ച് 28.12.2019 ലെ സ.ഉ(സ)നം.10206/2019/ധന ഉത്തരവ് പ്രകാരം ആരോഗ്യ രംഗത്തെ വിദഗ്ധരെ കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | പദ്ധതി പുനരാരംഭിക്കുവാൻ ഉയർന്ന പ്രീമിയം നൽകേണ്ട സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രീമിയത്തിന്റെ ഉയർന്ന വിഹിതം സർക്കാർ വഹിക്കുന്ന കാര്യം പരിഗണിക്കുമോ? | പദ്ധതിയുടെ റീ-ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ജീവനക്കാരിൽ നിന്നും ഈടാക്കുന്ന പ്രീമിയം തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**